K24U 4067

Reg. No. : ...............................

Name : ...................................

**First Semester B.A. Degree (C.B.C.S.S. – O.B.E. – Supplementary/ Improvement) Examination, November 2024**
**(2019 – 2023 Admission)**
**CORE COURSE IN MALAYALAM**
**1B01 MAL : മലയാള കവിത – ആധുനികം : ആധുനികാനന്തരം**

Time : 3 Hours                                                                 Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(2×7=14)**

1) 'ശ്രീഭൂവിലസ്ഥിരമസംശയം' എന്ന ആശയം 'വീണപൂവി'ൽ ആവിഷ്കരിക്കപ്പെടുന്നതെങ്ങനെയെന്ന് വിവരിക്കുക.

2) പാരമ്പര്യത്തിന്റെ ഈടുവെപ്പുകളെ ചൊല്ലിയുള്ള നഷ്ടബോധവും പുതുയുഗത്തിന്റെ പിറവിയിലുള്ള അഭിമാന ബോധവും ഒരേ സമയം പ്രകടിപ്പിക്കുന്ന കവിതയാണ് യുഗപരിവർത്തനം. ചർച്ച ചെയ്യുക.

3) വരവ് എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

4) മരണത്തെയും മധുരീകരിക്കുന്ന പ്രണയാവസ്ഥയുടെ ആവിഷ്കാരമാണ് അങ്ങനെയിരിക്കെ മരിച്ചു പോയ ഞാൻ/നീ എന്ന കവിത – പരിശോധിക്കുക.

II. **150** വാക്കിൽ കവിയാതെ ആറ് ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക. **(4×3=12)**

5) ദൈവദശകത്തിലൂടെ നാരായണ ഗുരു അവതരിപ്പിക്കുന്ന ദൈവ സങ്കല്പം വിവരിക്കുക.

6) പുതുമാതിരിയിൽ തീർത്ത ഭൂതക്കണ്ണാടിയിലൂടെ കവി കാണുന്ന ചരാചരക്കാഴ്ചകൾ എന്തെല്ലാം ?

P.T.O.



7) 'സൗന്ദര്യാവിഷ്കാരത്തിന്റെ പാരമ്യമാണ് ചങ്ങമ്പുഴക്കവിത'. – ആ പൂമാല എന്ന കവിതയെ മുൻനിർത്തി സമർത്ഥിക്കുക.

8) ഭക്തിയും പ്രണയവും ഒരുമിച്ച് ചേരുന്ന അപൂർവാനുഭവമാണ് അക്കമൊഴിയുന്നു എന്ന കവിത – പരിശോധിക്കുക.

9) വാക്കും സംസ്കാരവും തമ്മിലുള്ള ബന്ധത്തെക്കൂടി ചർച്ച ചെയ്യുന്ന കവിതയാണ് ആലപ്പുഴ വെള്ളം – വിമർശനാത്മകമായി വിലയിരുത്തുക.

10) 'ബിംബിസാരന്റെ ഇടയനി'ൽ ബുദ്ധനോളം മഹത്വം മാതൃത്വത്തിനും കല്പിക്കപ്പെടുന്നുണ്ട്. പരിശോധിക്കുക.

III. **100** വാക്കിൽ കവിയാതെ ആറ് ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക. **(4×2=8)**

11) ''ഹന്ത സൗന്ദര്യമേ നാരിതൻ മെയ്ചേർന്നാ –
ലെന്തെന്തു സൗഭാഗ്യം സാധിക്കാ നീ'' – സന്ദർഭം വിവരിച്ച് ആശയം വ്യക്തമാക്കുക.

12) 'മാഞ്ഞു മറഞ്ഞ പൂക്കാലം' പ്രണയത്തിന്റേത് കൂടിയായിരുന്നു. വിവരിക്കുക.

13) ''നിന്റെ ജീവനിലിഴുകിയ ഭാഗ്യം
എന്തൊരു ഭാഗ്യം'' – കവി ഇങ്ങനെ പറയാൻ കാരണമെന്ത് ?

14) 'ഓരോ തവണ മീൻ പിടിക്കുമ്പോഴും ഇങ്ങനെ തോന്നിയിട്ടില്ലേ എന്നും തോന്നി' എന്താണ് തോന്നിയത് ? കാരണമെന്ത് ?

15) ''നാവികൻ നീ ഭവാബ്ധിക്കൊ –
രാവി വൻതോണി നിൻ പദം'' – ഈ വരികളിലെ ദൈവ സങ്കല്പത്തിന്റെ സവിശേഷതയെന്ത് ?

16) ''മൊട്ടിടാൻ വൈകിയൊരാ
മുറ്റത്തെ മുല്ലയ്ക്കപ്പോൾ
ഉച്ചിയിൽ പോലും പൂക്കൾ
എന്നെപ്പോൽ ചിരിച്ചിടും'' എപ്പോൾ ? കാരണമെന്ത് ?



IV. **ആറ്** ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക. **(4×1.5=6)**

17) ''നാടു വേരുകൾ പൊട്ടി ത്വരിതം ചലിക്കവേ
ചോടു തെറ്റിയെൻ കരൾ തേങ്ങുന്നു മന്ത്രിക്കുന്നു'' കവിതാ സന്ദർഭം വ്യക്തമാക്കുക.

18) വള്ളത്തോളിനെക്കുറിച്ച് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക.

19) 'തൊട്ടു നോക്കിയിട്ടില്ലേ പുഴകളെ' – ആരുടെ കാവ്യ സമാഹാരമാണ് ?

20) 'അവനി വാഴ്‌വ് കിനാവ് കഷ്ടം' എന്ന് പറയാൻ കാരണമെന്ത് ?

21) ''കെട്ടിപ്പിടിച്ചൊന്ന് ചുംബിച്ചുടൻ വേറു –
പെട്ട തിരകളായ് പൊട്ടിത്തകർന്നു നാം'' സന്ദർഭം വ്യക്തമാക്കുക.

22) ആലപ്പുഴക്കാരിയായ കവിയോട് കവിതയിൽ വെള്ളം എന്ന് എഴുതിയാൽ പോരേ എന്ന് ചോദിച്ചത് ആര് ? എന്തുകൊണ്ട് ?

---